"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്ത് ജീവനക്കാര്യം - ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ശ്രീ. റോയ് മാത്യുവിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകിയ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നടപടിക്രമത്തിന് സാധൂകരണം നൽകിയും, ശ്രീ. റോയ് മാത്യുവിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതലയിൽ തുടരാൻ അനുവാദം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1080/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/06/2020

---

പരാമർശം:- 1 സ.ഉ.(സാധാ) 2656/2019/തസ്വഭവ തീയതി 25.11.2019

2 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.03.2020 തീയ്യതിയിലെ ഇ 1/4413/2017/റ്റി.ഡി.പി. നമ്പർ നടപടിക്രമങ്ങൾ

3 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.04.2020-ലെ ഇ1/1824/2020/റ്റി.ഡി.പി. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സുഭാഷ് വി.യുടെ അന്യത്ര സേവന കാലാവധി അവസാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ടിയാൻ 31.03.2020 അപരാഹ്നത്തിൽ സേവനത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ടെന്നും പഞ്ചായത്തിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം ജില്ലാ പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥനും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുമായ ശ്രീ. റോയ് മാത്യുവിന് 31.03.2020 അപരാഹ്നം പ്രാബല്യത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നല്കിയിട്ടുണ്ടെന്നും പ്രസ്തുത നടപടിക്രമം സാധൂകരിക്കുവാനും ശ്രീ. റോയ് മാത്യുവിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥനും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുമായ ശ്രീ. റോയ് മാത്യുവിന്, 31.03.2020 അപരാഹ്നം പ്രാബല്യത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകിയ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (2) നടപടിക്രമത്തിന് സാധൂകരണം നൽകിയും, ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ശ്രീ.റോയ് മാത്യുവിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതലയിൽ തുടരാൻ അനുവാദം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

1. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം

2. ശ്രീ. റോയ് മാത്യു, സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SUDHEER S S
Date: 2020.06.09 16:43:50 IST
Reason: Approved

സെക്ഷൻ ഓഫീസർ